(ഡി) ഒന്ന്.

(ഇ) പേരൂർക്കട സംഭവത്തിൽ കമ്മിഷൻ കുറ്റക്കാരെന്നുകണ്ട പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേൽ ശിക്ഷണനടപടി കൈക്കൊള്ളാൻ പോലീസ് ഡയറക്ടർ ജനറലിനോട്, ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ടോ യിരുന്നു. കമ്മിഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നടപടി കൈ സ്വീകരിച്ചുവരുന്നു.

എസ്.. ഐ. മാരുടെ സ്ഥലം മാറ്റം

338 [370] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടുകൊല്ലത്തെ സർവ്വീസ് പൂർത്തിയാക്കാത്ത സബ് ഇൻസ്പെക്ടർമാരെ സ്ഥലം മാറ്റാൻ പാടില്ല എന്ന നിയമമോ സർക്കാർ ഉത്തരവോ ഉണ്ടോ;

(ബി) ഇത് മറികടന്ന് സ്ഥലം മാറ്റം നടത്തിയതായുള്ള പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ കാര്യത്തെസംബന്ധിച്ച് സർക്കാർ ഉത്തരവുകൾ ഒന്നും ഇല്ല. എന്നാൽ ഡി. ജി. പി. യുടെ 1-1-1986-ലെ 1/86-ാം നമ്പർ സർക്കുലറിൽ എസ്. ഐ. മാരെ സ്ഥലം മാറ്റുമ്പോൾ അവർ കുറഞ്ഞ പക്ഷം രണ്ടുവർഷമെങ്കിലും ജോലി നോക്കുന്ന സ്റ്റേഷനിൽ തുടർച്ചയായി ജോലി നോക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാ ണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

സർക്കിൾ ഇൻസ്പെക്ടറാഫീസുകളിൽ ഫോണും ഫർണിച്ചറും ലഭ്യമാക്കാൻ നടപടി

339 [371] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുണ ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ്സേനയുടെ ഫലപ്രദമായ പ്രവർത്തനത്തിനു വേണ്ടി പുതിയതായി രൂപംകൊണ്ട സർക്കിൾ ഇൻസ്പെക്ടർ ഓഫീസു കളിൽ ഫോണും ഫർണിച്ചറും ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തിരമായി അവിടെ ടെലിഫോൺ കണക്ഷൻ ലഭ്യമാക്കാൻവേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly